"ഭരണഭാഷ-മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

## ഐ&പി.ആർ.ഡി ഡയറക്ടറുടെ നടപടിതീർപ്പ്

[ഹാജർ: എസ്. ഹരികിഷോർ IAS]

വിഷയം:- ടി.വി. ചാനലുകളിൽ എൽ ബാന്റ് പരസ്യ കാമ്പയിനുമായി ബന്ധപ്പെട്ടുള്ള ക്രിയേറ്റീവ് നിർമ്മാണം - Global Innovative Technologies നിർമ്മിച്ച ക്രിയേറ്റീവിന്റെ നിർമ്മാണ തുക അനുവദിച്ചുകൊണ്ടുള്ള 22.07.2021-ലെ നടപടിക്രമം റദ്ദാക്കികൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- (1) 22.07.2021-ലെ ഇതേ നമ്പർ നടപടിതീർപ്പ്
(2) 26.11.2021-ലെ ഐ&പി.ആർ(എഫ്) വകുപ്പിന്റെ മേലെഴുത്ത്

ഉത്തരവ് നം. ഡി3/30/2021/ഐ&പി.ആർ.ഡി  തിരുവനന്തപുരം, തീയതി: 15.01.2022

മേൽ സൂചന (1) നടപടിക്രമ പ്രകാരം ടി.വി ചാനലുകളിൽ ക്രിയേറ്റീവ് നിർമ്മാണവുമായി ബന്ധപ്പെട്ട് Global Innovative Technologies-ന് നിർമാണ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (2) മേലെഴുത്ത് പ്രകാരം അനുവദിച്ച നിർമ്മാണതുകയിലെ ടി.ഡി.എസ് തുകയിൽ വ്യത്യാസം കാണുന്നതിനാൽ ആയത് പരിശോധിച്ച് പുതുക്കിയ നടപടിക്രമം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെടുകയും ആയത് പ്രകാരം മേൽ നടപടിക്രമം റദ്ദാക്കിക്കൊണ്ട് Global Innovative Technologies-ന് നിർമ്മാണതുക അനുവദിച്ചുകൊണ്ടുള്ള പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി.വി ചാനലുകളിൽ ക്രിയേറ്റീവ് നിർമ്മാണവുമായി ബന്ധപ്പെട്ട് Global Innovative Technologies-ന് നിർമ്മാണ തുകയായ 20,000/- രൂപയും, 3600/- രൂപ ജി.എസ്.ടിയും ചേർത്ത് 23600/- രൂപ ഇലക്ട്രോണിക് മീഡിയ പരസ്യങ്ങൾക്കുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും (2220-60-101-97-02-നോൺ പ്ലാൻ) അനുവദിച്ച് ഉത്തരവാകുന്നു. നിർമ്മാണ തുകയായ 20000/- രൂപയിൽ 2% നിരക്കിൽ ടി.ഡി.എസ് ഇനത്തിൽ 400/- രൂപ കുറവ് ചെയ്ത് 19600/- രൂപയും, ജി.എസ്.ടി 3600/- രൂപയും ചേർത്ത് 23200/- രൂപ (ഇരുപത്തി മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) Global Innovative Technologies-ന്റെയും ടി.ഡി.എസ് തുക ഇൻകം ടാക്സ് കമ്മീഷണറുടെ അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്യേണ്ടതാണ്.

എസ്. ഹരികിഷോർ IAS
ഡയറക്ടർ

Chief Executive Officer, Global Innovative Technologies

പകർപ്പ്:
വിവര-പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്
വിവര-പൊതുജന സമ്പർക്ക (എഫ്) വകുപ്പ് (ബില്ലുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, പരസ്യം & മാർക്കറ്റിംഗ്
ഇൻഫർമേഷൻ ഓഫീസർ (പരസ്യം & മാർക്കറ്റിംഗ്)
ഐ&പി.ആർ.ഡി വെബ്സൈറ്റ് (www.prd.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ